# അക്കാദമിക
# മാസ്റ്റർ പ്ലാൻ




**ഇ.വി.യു.പി.എസ്**

**മടന്തകോട്**

കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനുവേണ്ടി പത്രക്വിസ്,ക്ലബ്ബുമായി ബന്ധപ്പെട്ട ക്വിസുകൾ തുടങ്ങിയവ നടത്തുന്നു. ഇംഗ്ലീഷ് നിലവാരം ഉയർത്തുന്നതിനുവേണ്ടി Spoken English (L.P,UP) ന്റെ ക്ലാസ് നടത്തുന്നു. ഇംഗ്ലീഷ് അസംബ്ലി, English Conversation കൾ എന്നിവ നടത്തുന്നു. പച്ചക്കറികൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പയർ, വെണ്ട,പാവൽ തുടങ്ങിയവയുളള പച്ചക്കറിത്തോട്ടം സ്കൂളിൽ നിർമ്മിച്ചു

പഞ്ചായത്ത്,എസ്.എസ് എ,പി.റ്റി.എ മാനേജ്മെന്റ് എന്നിവയിൽ നിന്ന് നല്ല പിന്തുണയും സഹായവും ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിൽ മാനേജ്മന്റ് നല്ല പങ്ക് വഹിക്കുന്നു. കുട്ടികളുടെ പഠനനിലവാരവും എണ്ണവും വർദ്ധിപ്പിക്കുന്നതിൽ ടീച്ചേഴ്സ് നല്ല പങ്ക് വഹിക്കുന്നു. പൊതു വിദ്യാഭ്യാസരംഗത്ത് നേരിടുന്ന ഒരു വെല്ലുവിളിയാണ് Unaided schoolകൾ ഈ സ്കൂളിന്റെ സമീപപ്രദേശത്ത് അനേകം അംഗീകാര ഉളളതും ഇല്ലാത്തതുമായ വിദ്യാലയങ്ങൾ സ്കൂളിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നു.

സ്കൂളിലെ എല്ലാ കുട്ടികൾക്കും സൗജന്യ പാഠപുസ്തകം ലഭിച്ചു. എല്ലാ അധ്യാപകരും അധ്യാപക പരിശീലനത്തിൽ പങ്കെടുത്തു.

**വിദ്യാലയ വികസന കാഴ്ചപ്പാട്**

പാഠ്യപദ്ധതി അനുസരിച്ച് മികവുറ്റതും ഗുണനിലവാരമുളളതുമായ വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പു വരുത്തുന്നു. കലാകായിക, വിവര സാങ്കേതിക വിദ്യ എന്നിവയ്ക്ക് മുൻഗണനയും പ്രോത്സാഹനവും നൽകുന്നു.

**ആവശ്യകത**

ഓരോ ക്ലാസും പ്രത്യേകം പ്രത്യേകം വേർതിരിക്കുക, ലൈബ്രറി, ലബോറട്ടറി ഇവയ്ക്ക് ആവശ്യത്തിനുളള അലമാരയും, റൂം ലഭ്യമാക്കുക. ബാലമാസികകൾ ലഭ്യമാക്കുക, ഡിജിറ്റൽ ക്ലാസ് റൂമുകൾ സാമഗ്രികൾ ക്ലാസിൽ ലഭ്യമാക്കുക. പരീക്ഷണ സാമഗ്രികൾ ലഭ്യമാക്കുക. യോഗാക്ലാസുകൾ സംഘടിപ്പിക്കുക സന്നദ്ധസംഘടനകളുടെ സേവനം ലഭ്യമാക്കുക.ശിബിരങ്ങൾ സംഘടിപ്പിക്കുക. വിദഗ്ധരുടെ സഹായത്തോടെ ഇംഗ്ലീഷ്, ഹിന്ദി, മലയാളം എന്നീ ഭാഷകൾക്ക് ക്ലാസുകൾ അവധിക്കാലത്ത് ഏർപ്പെടുത്തുക.

# ഉള്ളടക്കം


1. പ്രൊഫൈൽ
2. വിദ്യാലയ വികസനപദ്ധതി
   - ആമുഖം
   - നിലവിലെ അവസ്ഥ
   - വിദ്യാലയ വികസന കാഴ്ചപ്പാട്
   - ആവശ്യകത- വിവിധ വർഷങ്ങളിലെ കുട്ടികളുടെ എണ്ണം,ലക്ഷ്യങ്ങൾ, ഹ്രസ്വകാല പ്രവർത്തനങ്ങൾ ,ദീർഘകാല പ്രവർത്തനങ്ങൾ അക്കാദമിക പ്ലാൻ Short Term
3. Project-Malayalam
   - ആമുഖം
   - ലക്ഷ്യങ്ങൾ
   - പ്രവർത്തനങ്ങൾ
4. Project-2 English ഭാഷയിലുളള പിന്നോക്കാവസ്ഥ പരിഹരിയ്ക്കൽ
   - ആമുഖം
   - ലക്ഷ്യങ്ങൾ
   - പ്രവർത്തനങ്ങൾ
4. Project-3 വിവരസാങ്കേതിക മേഖല
   - ആമുഖം
   - ലക്ഷ്യങ്ങൾ
   - പ്രവർത്തനങ്ങൾ
.. Project-4 ജൈവവൈവിധ്യ ഉദ്യാന നിർമ്മിതി
   - ആമുഖം
   - ലക്ഷ്യങ്ങൾ
   - പ്രവർത്തനങ്ങൾ
   - മോണിട്ടറിംഗ്
   - ഉപസംഹാരം

# ആമുഖം

കരീപ്ര ഗ്രാമപഞ്ചായത്തിലെ പതിനാഞ്ചാം നമ്പർ വാർഡായ മടന്തകോട് എന്ന സ്ഥലത്ത് തിരു:കുളച്ചക്കാവ് ഗുരുസികാമൻ **ക്ഷേത്രത്തിനു** സമീപം ഈശ്വര വിലാസം അപ്പർപ്രൈമറി സ്കൂൾ സ്ഥിതി ചെയ്യുന്നു. തലവൂർക്കോണം, മുളവൂർക്കോണം,കുടിയ്ക്കോട്, വാക്കനാട്, കരീപ്ര,നല്ലില തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുന്ന ഫീഡിംഗ് ഏരിയ കരീപ്ര എൽ.പി.എസ്, പഴങ്ങാലം എൽ.പി.എസ്, നല്ലില, നെല്ലിമുക്ക് അങ്കണവാടികൾ എന്നിവയാണ് മുഖ്യ ഫീഡിംഗ് സ്കൂളുകൾ

1953 ജൂൺ 1 ന് സ്കൂൾ ആരംഭിച്ചു.യു.പി.വിഭാഗമാണ് ആദ്യം തുടങ്ങിയത്. പ്രദേശത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ,സൗകര്യപ്രദമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം എന്നിവയാണ് **സ്കൂൾ** തുടങ്ങാൻ പ്രേരകമായത്. ഈശ്വര വിലാസം എൻ.എസ്.എസ്.കരയോഗമാണ് ആദ്യമായി സ്കൂൾ **ആരംഭിച്ചത്**. അതിനു മുൻകൈയെടുത്തത് കോയിപ്പുറത്ത് ശ്രീ.കൊച്ചുകുഞ്ഞ് പിള്ളയും.പിറങ്ങതിൽ **വീട്ടിൽ** ശ്രീ.ശങ്കരപ്പിള്ളയും അടങ്ങുന്ന മഹത്‌വ്യക്തികളാണ്.

തുടർന്ന് 1964 ൽ ലോവർ പ്രൈമറി വിഭാഗം (Std.I,II) ആരംഭിച്ചു. ആദ്യത്തെ ഹെഡ്മാസ്റ്റർ ശ്രീ.കൊച്ചുകൃഷ്ണപിള്ളയായിരുന്നു. തുടർന്ന് വന്ന വർഷങ്ങളിൽStd III,IV എന്നീ **ക്ലാസുകൾ കൂടി** തുടങ്ങി.

| | | |
|---|---|---|
| Compound Wall | - | Yes |
| Library | - | Yes |
| Laboratory | - | Yes |
| Computer Lab | - | Yes |
| Fan | - | Yes |
| Well | - | Yes |
| Smart Class | - | 1 |
| Computer | - | 3 |

# ലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തും
- ഓരോ ഘട്ടവും പൂർത്തിയാക്കുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷാകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കും
- എല്ലാകുട്ടികൾക്കും ഇംഗ്ലീഷ് ,മലയാളം ഭാഷകൾ സംസാരിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തും
- ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്ര മനോഭാവം ഉണ്ടാക്കുക
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ശാസ്ത്രോപകരണ നിർമ്മാണം ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ ജൈവവൈവിധ്യ പാർക്കുണ്ടാക്കൽ, പ്രകൃതിപഠന യാത്രകൾ, സ്കൂൾ ശുചീകരണത്തിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കൽ, ലഘുപ്രോജക്ടുകൾ തയ്യാറാക്കൽ, സമൂഹത്തിന്റെ മുന്നോട്ടുള്ളപോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുക,അടിസ്ഥാന ഗണിതക്രിയകകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുക. ഗണിതം ജീവിതവുമായി ബന്ധപ്പെടുത്തുക.നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളും വികസിപ്പിക്കുക. എല്ലാകുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക, വിദ്യാലയ പരിസരം മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാകുട്ടികൾക്കും ലഭ്യമാക്കുന്ന പരിഗണന ഉറപ്പാക്കുക

## വിദ്യാലയം മികവിന്റെ കേന്ദ്രം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടക്കുന്നു. അതിന്റെ ചുവടു പിടിച്ചു, മടന്തകോട് ഈ.വി.യു.പി.എസ്സും ദീർഘകാലാടിസ്ഥാനത്തിയും ഹ്രസ്വകാലാടിസ്ഥാനത്തിലും നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. അക്കാദമികവും ഭൗതികവും, സാമൂഹികവുമായ മാറ്റങ്ങളിലൂടെ സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റാനുകതുന്ന പ്രവർത്തനങ്ങൾ രണ്ടായിരത്തി ഇരുപത്തി രണ്ടോടു കൂടി നടപ്പാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം

## ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾക്കാണ് ഈ മേഖലയിൽ നാം ഊന്നൽ നൽകുന്നത് മലയാളം, ഇംഗ്ലീഷ്, എന്നി ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് കുട്ടി നേടുന്ന എന്ന് ഉറപ്പ് വരുത്തുന്നതിനോടൊപ്പം ഗണിത ക്രിയകൾ കുട്ടി നേടേണ്ടതുണ്ട്

ശാസ്ത്രാവബോധം വളർത്തുന്നതിനായി ശാസ്ത്രലാബ് നിർമ്മാണം, സയൻസ് കോർണർ,ലഘുപ്രോജക്ടുകൾ നിർമ്മിക്കുക, ആധുനിക സയൻസ് ജേർണലുകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രാപ്തരാക്കുന്നതിനും ജനനാധിപത്യസംസ്കാരം വളർത്തിയെടുക്കുന്നതിനും സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കിമാറ്റും. കുട്ടികളുടെ കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുകയും, വിദ്യാലയപരിസരം മാലിന്യമുക്തമാക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭിക്കുന്ന പരിഗണന ഉറപ്പാക്കുന്നതും വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റും

## ദീർഘകാലാടിസ്ഥാനത്തിലുള്ളവ

2025 ആകുമ്പോഴേക്കും മികച്ച അക്കാദമിക പ്രവർത്തനങ്ങൾക്കുള്ള ഭൗതിക സൗകര്യഹ്ങൾ ഒരുക്കേണ്ടതാണ്. റീഡിംഗ് റൂം, ലൈബ്രറി,കമ്പ്യൂട്ടർ ലാബ് എന്നിവയും ജൈവവൈവിധ്യ പാർക്ക്, കുട്ടികളുടെ പാർക്ക്, വിശാലമായ അടുക്കള, ഡൈനിംഗ് റൂം എന്നിവയും കൂടുതൽ ടോയ്‌ലറ്റ് സൗകര്യം എന്നിവയും ഉണ്ടാവേണ്ടതുണ്ട്. ഓരോ കുട്ടിക്ക് ഓരോ കമ്പ്യൂട്ടർ, ലാപ്‌ടോപ്പ്, പ്രോജക്ട്ർ എന്നിവയും സ്കൂളിൽ ഉണ്ടാവേണ്ടതാണ്

# PROJECT-I, MALAYALAM

**വിഷയം**

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ

**ആമുഖം**

വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന മഹത് വചനത്തിന് വേണ്ടി വിദ്യാർത്ഥി സമൂഹത്തെ വായനയുടേയും, എഴുത്തിന്റേയും പാതയിലേക്ക് നയിക്കാൻ ഒരു മഹത് സംരംഭം വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനാക്കുക ഒപ്പം മികച്ച എഴുത്തുകാരനാക്കുക ഈ ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ കൂടി മുൻധാരയിലെത്തിച്ച് വായനയും എഴുത്തും ഒരു നവ്യാനുഭവമാക്കി വിദ്യാലയത്തെ ഒരു സർഗ്ഗപ്രപഞ്ചമാക്കി മാറ്റുവാനുള്ള നൂതന സംരംഭം.

**ലക്ഷ്യങ്ങൾ**

1. എല്ലാവർക്കും എഴുത്തും വായനയും
2. വായനക്കൂട്ടം, എഴുത്ത് കൂട്ടം
3. അമ്മ വായന
4. ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി
5. ഗ്രന്ഥശാല, അംഗത്വം
6. ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ
7. ഗ്രന്ഥശാല, അംഗത്വം
8. വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ.
9. മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
10. മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
11. ആസ്വാദ്യകരമായ വായനയിൽ വൈദഗ്ധ്യം നേടുക
12. വായനാ സാമഗ്രികൾ കണ്ടെത്തുക,വികസിപ്പിക്കുക
13. വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
14. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റെയും സാധ്യത കണ്ടെത്തുക.

15 എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുക

16 ഇൻലന്റ്,മാഗസിൻ,ചുമർ മാഗസിൻ എന്നീ വായന,എഴുത്ത് എന്നിവ പരിപോഷിപ്പിക്കുക

17 സാഹിത്യകാരന്മാരുമായുള്ള സംവാദം,അഭിമുഖം എന്നിവ സംഘടിപ്പിക്കൽ

18 ഭാഷയുമായി ബന്ധപ്പെട്ട സി.ഡി, ഐ.സി.റ്റി സാധ്യത എന്നീ സജ്ജീകരിക്കൽ

## <u>പ്രവർത്തനങ്ങൾ</u>

1. **<u>മലയാളത്തിളക്കം</u>**

പ്രീ- ടെസ്റ്റ് നടത്തുന്നു. പിന്നോക്കക്കാരെ കണ്ടെത്തി

2. **<u>അക്ഷരം ഉറപ്പിക്കൽ</u>**

ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉരറപ്പിക്കുന്നു

3. **<u>അടയാളങ്ങൾ ഉറപ്പിക്കൽ</u>**

ചിത്രസഹായത്താൽ അടയാളങ്ങൾ,ചിച്നങ്ങൾ എന്നിവ ഉറപ്പിക്കൽ

4. **<u>അക്ഷരകാർഡ്,വാക്കുകൾ,എഴുതിയ കാർഡ്</u>**

അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരികരിക്കൽ,വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ

5. **<u>ചിത്രം,അടിക്കുറിപ്പ്</u>**

ചിത്രം നൽകൽ, അടിക്കുറിപ്പ് പറയിപ്പിക്കൽ,അധ്യാപികയുടെ സഹായത്തോടെ എഴുതുക.

6. **<u>കഥ,ബാക്കി പറയൽ,എഴുതൽ</u>**

ഒരു കഥയുടെ കുറച്ച് ഭാഗം നൽകുന്ന ബാക്കി പറയിപ്പിക്കുന്നു,എഴുതുന്നു.

7. **<u>കഥാപുസ്തകം - നൽകൽ</u>**

വായന,കുറിപ്പ് തയ്യാറാക്കൽ

8. **<u>സി.ഡി.പ്രദർശനം</u>**

ചിത്രങ്ങൾ അടങ്ങിയ സി.ഡി.പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തെയും കുറിച്ച് പറയാനാവസരം എഴുതാനവസരം

9. **ഭിന്നശേഷിക്കാരെ പരിഗണിക്കൽ**

ഭിന്നശേഷിക്കാർക്കായി പ്രത്യേകം പ്രവർത്തന പാക്കേജ് ഐ.ഇ.ഡി അധ്യാപകരുടെ സേവനം

10. **ക്ലാസ് ലൈബ്രറി രൂപീകരിക്കൽ**

കുട്ടികളുടെ സഹായത്തോടെ യു.പി.വായനയ്ക്ക് സഹായകമായ പുസ്തകങ്ങൾ അടങ്ങുന്ന ഒരു ക്ലാസ് ലൈബ്രറി സജ്ജീകരണം.

11. **സ്കൂൾ ലൈബ്രറി രൂപീകരിക്കൽ**

സ്കൂൾ ലൈബ്രറി നവീകരണം. പുസ്തക വിതരണ രജിസ്റ്റർ കുട്ടി, ലൈബ്രറിയൽ,പുസ്തകശേഖരണം പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം,ബർത്ത്ഡേ പുസ്തകശേഖരണം

12. **സ്കൂൾ ലൈബ്രറി രൂപീകരിക്കൽ**

സ്കൂൾ ലൈബ്രറി നവീകരണം,പുസ്തക വിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ,പുസ്തക വിതരണം പുസ്തകങ്ങൾ വിവിധ തലക്കെട്ടോടെയുള്ള ക്രമീകരണം.

13. **സമീപ ഗ്രന്ഥശാല അംഗത്വം**

ഗ്രന്ഥശാലയിൽ അംഗത്വം, പുസ്തക വിതരണം, വായന, എഴുത്ത് പ്രോത്സാഹനം, എന്റെ **പുസ്തകം** പ്രകാശനം.

14. **വായനോത്സവം സംഘടിപ്പിക്കൽ**

കുട്ടികളുടെ കൂട്ടായ്മ,യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്ത എല്ലാവരും സ്വയം പുസ്തകമായി അനുഭവം പങ്കിടൽ,വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ് പ്രകാശനം അധ്യാപകരുടെ പുസ്തകം പരിചയപ്പെടുത്തൽ,വായിച്ച കൃതികളുടെ രംഗാവിഷ്ക്കാരം (പാഠബാഗവുമായി ബന്ധപ്പെട്ട്) ചൊൽക്കാഴ്ച, നാടകങ്ങൾ എന്നിവയുടെ അവതരണം.

15. **പത്രവായന**

വിവിധ പത്രങ്ങൾ ക്ലാസിൽ ലഭ്യമാക്കൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പുതിയ അറിവ് കണ്ടെത്തൽ വായന- എഴുത്ത്,പത്രം തയ്യാറാക്കൽ (പാഠഭാഗവുമായി ബന്ധപ്പെട്ട്)

16. **അമ്മ - വായന**

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം വായനാമുറി- വായനാക്കുറിപ്പ് തയ്യാറാക്കൽ മികച്ച കുറിപ്പ് കണ്ടെത്തൽ- പ്രോത്സാഹനം അമ്മ സാഹിത്യ സമാജം രൂപീകരിക്കൽ, ശിൽപശാല

17. **പുസ്തകചർച്ച – വായനാനുഭവം പങ്ക് വയ്ക്കാൻ**

വിദ്യാർത്ഥികൾക്ക് , രക്ഷിതാക്കൾ,അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ, സന്ദേശം, കഥാപാത്രനിരൂപം, സ്വാധീനം,ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ മാസത്തിൽ ഒരു ദിവസം

18. **വായനാക്കുറിപ്പ്**

ഓരോ പുസ്തകവായനയുടേയും കുറിപ്പ് ശേഖരണം. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. പതിപ്പ് പ്രകാശനം

19. **വിദ്യാരംഗം കലാ – സാഹിത്യവേദി പ്രവർത്തനം**

വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ടി പ്രവർത്തനങ്ങൾക്ക് ആസൂത്രണം. പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ, എന്നിവ പരിചയപ്പെടുത്താനവസരം- വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ, സാഹിത്യകാരന്മാരെ ക്ഷണിക്കൽ

20. **ക്ലാസ്, സ്കൂൾ,ബാലസഭകൾ**

ഓരോ ക്ലാസിലും, സ്കൂളിലും ബാലസഭ രൂപീകരണം, സ്കൂളിൽ യോഗം സംഘടിപ്പിക്കൽ,സൃഷ്ടികൾ, പരിചയം, പ്രകാശനം, അവതരണം, വിദ്യാലയത്തിന് പുറത്ത് ബാലസഭകൾ രൂപീകരിക്കൽ പൊതുജന പങ്കാളിത്തം, സാഹിത്യകാരന്മാരുടെ സാന്നിദ്ധ്യം.

21. **ദിനാചരണങ്ങൾ**

വായനയും എഴുത്തും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും സംഘടിപ്പിക്കുന്നു.

22. **ആകാശവാണി ക്ലബ്ബ്**

കുട്ടികളുടെ സർഗ്ഗവികസനത്തിന് വിവിധ പരിപാടികൾ ഉൾക്കൊള്ളിച്ച് കൊണ്ട് ആകാശവാണിക്ലബ്ബ് നടത്തുന്നു. മികച്ച പ്രകടനക്കാരേ, ക്ലാസുകാരേ കണ്ടെത്തൽ,പ്രോത്സാഹനം

23. **സാഹിത്യ കാരന്മാരുമായുള്ള സംവാദം,അഭിമുഖം**

സാഹിത്യ വാസന മെച്ചപ്പെടുത്തൽ, കൃതികളെ ആഴത്തിലറിയാൻ, പുസ്തക രചനാതന്ത്രങ്ങളറിയാൻ,കഥ, കവിത, രൂപീകരണം മനസിലാക്കാൻ

24 **ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും**

ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തന മത്സരങ്ങൾ

25 **വായനാസാമഗ്രികൾ വികസിപ്പിക്കൽ**

യു പി കുട്ടികൾക്കായുള്ള വായനാസാമഗ്രികൾ ശേഖരിക്കൽ,കുട്ടികളുടേയും, രക്ഷിതാക്കളുടേയും പ്രാദേശിക എഴുത്തുകാരുടേയും,അധ്യാപകരുടേയും പങ്കാളിത്തമുള്ള ശിൽപശാല സംഘടിപ്പിക്കൽ, രചനകൾ സ്പൈറൽ ബൈൻഡു ചെയ്ത് ഉപയോഗിക്കൽ

26 **ഇ - വായന - സാധ്യത കണ്ടെത്തൽ**

വിക്കി പീഡിക പരിചയപ്പെടുത്തൽ നെറ്റിൽ നിന്നും വിവരം ശേഖരിക്കാനുള്ള നൈപുണി,വായനാകൂട്ടത്തിന്റേയും, എഴുത്തുകൂട്ടത്തിന്റേയും നേതൃത്വത്തിൽ ബ്ലോ രൂപീകരണം ഇ പേപ്പറുകൾ പരിചയപ്പെടുത്തൽ വിവിധ കൃതികൾ, കവിത,കഥ എന്നിവ വീഡിയോ കാണൽ.

27. **വായനാക്കൂട്ടം – എഴുത്തുകൂട്ടം – മോണിറ്ററിംഗ്**

അധ്യാപകർ, കുട്ടി പ്രതിനിധി രക്ഷിതാക്കൾ പ്രാദേശിക സാഹിത്യക്കരന്മാർ ബി.ആർ.സി, ഡി.ഐ.ഇ.റ്റി അധ്യാപകർ മറ്റ് സ്കൂളിലെ അധ്യാപകർ എന്നിവരുടെ സേവനം

28. **കാവ്യക്കൂട്ടം**

കുട്ടികളുടെ കവിതകൾ, അധ്യാപകരുടെ കവിതകൾ,രക്ഷിതാക്കളുടെ കവിതകൾ, സമൂഹത്തിലെ വ്യക്തികൾ, പ്രാദേശിക സാഹിത്യകാരൻ, കവികൾ മുതലായവരെ സംഘടിപ്പിച്ച് കാവ്യക്കൂട്ടം സംഘടിപ്പിക്കുന്നു. (ബി.ആർ.സിയുടെ സഹായത്തോടെ)

29. **എഴുത്തുകൂട്ട രൂപീകരണം**

കുട്ടികളെ 5 വീതം എഴുത്ത് കൂട്ടങ്ങളാക്കുന്നു. വ്യക്തിഗത രചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു എഴുത്ത് ഏത് സാഹിത്യ വിഭാഗത്തിൽ, മോണിറ്ററിംഗ് എന്നിവ ചർച്ച ചെയ്യുന്നു.

30. **സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം**

ഓരോ ദിവസവും ഓരോ കുട്ടി എഴുതണം. വീട്ടിലുള്ള ആരെങ്കിലും ഒരാൾ പുസ്തകത്തെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തണം. കൈമാറി, കൈമാറി എല്ലാവരുടേയും രചനകളാക്കുമ്പോൾ അധ്യാപകരുടെ ആസ്വാദനക്കുറിപ്പ് വിലയിരുത്തൽ കുറിപ്പും വീണ്ടും പ്രയാണം.

31. **വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ**

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടുത്തൽ, വിവിധ ശാഖകൾ തലക്കെട്ടോടെ ലൈബ്രറി പുസ്തകം ലിസ്റ്റ് ചെയ്യൽ, വിവിധ മേഖലയിലുള്ള സൃഷ്ടി പരിചയപ്പെടൽ, വിവിധ മേഖലയിൽ സാഹിത്യ സൃഷ്ടി നടത്തൽ, വിവിധ സാഹിത്യ മേഖലയിലുള്ള വ്യക്തികളുടെ ആഗമനം സംവാദം അഭിമുഖം.

32. **ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പ്**

സർഗ്ഗശേഷി, പരിപോഷിപ്പിക്കൽ ക്ലാസ് തലത്തിൽ ഇൻലന്റ് മാഗസിൻ, ചുമർപത്രിക, പതിപ്പുകൾ തയ്യാറാക്കൽ, പ്രകാശനം

33 **വായനാകുറിപ്പ് – ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ**

പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകമായി ബന്ധപ്പെട്ട വായനാക്കുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് - പ്രകാശനം

34. **പൊതുവേദിയിലെ പ്രകടനങ്ങൾ**

കുട്ടികളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടുക്കൽ അസംബ്ലി, റേഡിയോ ക്ലബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. അവസരം നൽകുന്നു. സ്വന്തം സൃഷ്ടി അവതരിപ്പിക്കാനവസരം യോഗങ്ങൾ സംഘടിപ്പിക്കൽ.

35. **വ്യക്തിഗത രചന, സംഘരചന**

കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കാൻ നിരവധി, മത്സരങ്ങൾ, സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ

# PROJCET-II- ENGLISH

ഇംഗ്ലീഷ് ഭാഷയിലുളള പിന്നോക്കാവസ്ഥ പരിഹരിക്കൽ.

## ആമുഖം

ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുന്നതിനും, അനായാസം, സംസാരിക്കുന്നതിനും, ഭാഷയോടുളള താൽപര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഞങ്ങളുടെ സ്കൂൾ ഏറ്റെടുത്ത ഒരു പദ്ധതിയാണ് ഇത്.

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- ഇംഗ്ലീഷിനോട് താൽപര്യം
- പേടിയില്ലാതെ എല്ലാവരും സംസാരിക്കും
- ഭാഷയെ പ്രോത്സാഹിപ്പിക്കുന്നു.
- English Assembly
- English News
- വാക്കുകൾ ശേഖരണം
- Teachers Assembly
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി, ഐ.സി.ടി സാധ്യതകൾ എന്നിവ സജീകരിക്കൽ

## ACTIVITIES

1. NEW WORDS COLLECTION

   പാഠഭാഗം വായിച്ച് പുതിയ പദങ്ങളെ കണ്ടെത്തുന്നു.

2. ENGLISH DEBATE

   പരസ്പര സംവാദം ക്ലാസുകളിൽ സംഘടിപ്പിക്കുന്നു.

3. SPOKEN ENGLISH

   ആഴ്ചയിലൊരിക്കൽ അധ്യാപകർ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ എടുക്കുന്നു.

4. DESCRIPTIONS

അധ്യാപകരുടെ സഹായത്താൽ വിവരണം തയ്യാറാക്കുന്നു.

5. GRAMMER PART

Tense പഠിച്ച് ചോദ്യങ്ങൾ കണ്ടെത്തിക്കുന്നു

6. EDITING

Passage തെറ്റിച്ച് കൊടുത്തിട്ട് അത് correct ആക്കുന്നു

7. TEACHERS ASSEMBLY

ആഴ്ചയിലൊരു ദിവസം ടീച്ചേഴ്സ് ഇംഗ്ലീഷ് മാതൃകാ അസംബ്ലി സംഘടിപ്പിക്കുന്നു.

8. ENGLISH NEWS

ആഴ്ചയിലൊരു ദിവസം ക്ലാസിൽ എല്ലാ കുട്ടികളെക്കൊണ്ടും ഇംഗ്ലീഷ് ന്യൂസ് തയ്യാറാക്കി അവ നടത്തിയ്ക്കുന്നു. ഇംഗ്ലീഷ് ന്യൂസ് പേപ്പർ ക്ലാസിൽ ലഭ്യമാക്കുന്നു.

9. WORDS BOARD ൽ എഴുതണം

എല്ലാ ദിവസവും ബോർഡിൽ ഒരു വാക്കും അതിന്റെ ആശയവും, Pronounciation ഉം കുട്ടികൾക്ക് എഴുതി കൊടുക്കുന്നു.

10. POSTER രചന

ഓരോ വിഷയാധിഷ്ഠിതമായ പോസ്റ്ററുകൾ തയ്യാറാക്കുന്നു.

11. VERB കൾ കണ്ടെത്തൽ

V1,V2,V3 Verbന്റെ 3 രൂപങ്ങളും പുസ്തകങ്ങൾ റഫർ ചെയ്ത് കണ്ടെത്തുന്നു. ഏറ്റവും കൂടുതൽ ലഭിക്കുന്നവർക്ക് സ്കൂൾ അസംബ്ലിയിൽ സമ്മാനം നൽകുന്നു.

12. SPELLING COMPETITION

Tough words-Pronounication അധ്യാപകൻ പറയുകയും കുട്ടികൾ അത് എഴുതുകയും ചെയ്യുന്നു.

13. ENGLISH LIBRARY

കൂടുതൽ അറിവ് നേടാൻ വേണ്ടി ഇംഗ്ലീഷ് ലൈബ്രറി സജ്ജമാക്കുന്നു.

14. ENGLISH G K

Englixh G K മത്സരം ക്ലാസിൽ നടത്തുന്നു

15. ENGLISH ഭാഷാ കൂടുതൽ കുട്ടികളിലേക്കിറങ്ങി ചെല്ലാൻ സമൂഹത്തിന്റ ഇംഗ്ലീഷുമായി ബന്ധപ്പെട്ട ആളുകളെക്കൊണ്ട് ക്ലാസ് എടുപ്പിക്കുന്നു.

16. ENGLISH SPEECH

കുട്ടികളെ ഇംഗ്ലീഷ് പ്രസംഗമത്സരത്തിന് തയ്യാറെടുപ്പിക്കുന്നു.

# PROJECT-3

വിഷയം - വിവരസാങ്കേതിക മേഖല

**ആമുഖം**

നിലവിൽ നാമമാത്രമായ കുട്ടികൾക്ക് മാത്രമാണ് ഐ ടി യിൽ പ്രാവീണ്യമുള്ളത് അറിയ കാലഘട്ടത്തിൽ എല്ലാ കുട്ടികൾക്കും ഓരോ കമ്പ്യൂട്ടർ ആവശ്യമാണ്

**ലക്ഷ്യങ്ങൾ**

- വിവര സാങ്കേതിക വിദ്യയിൽ എല്ലാ കുട്ടികൾക്കും പ്രാവീണ്യം കിട്ടിയ കുട്ടികള്ഡ
- ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കുട്ടികൾ തന്നെ എടുക്കുന്നു
- സി.ഡി.യിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതുന്നു
- ഭാഷയുമായി ബന്ധപ്പെട്ട സി.ഡി, ഐ.സി.ഐ സാധ്യത എന്നിവ സജ്ജീകരിക്കല്

**പ്രവർത്തനങ്ങൾ**

1. **MOUSE PRACTICE**

ഒന്നും രണ്ടും ക്ലാസിന് Mouse Practise ചെയ്യാൻ കൊടുക്കുന്നു. ഗേയിം, ഗണിതം എന്നിവ പാഠഭാഗവുമായി ബന്ധപ്പെട്ടത്.

2. **ചിത്രം വരയ്ക്കാൻ**

Mouse Click ചെയ്ത് കുട്ടികൾ തനിയെ ഓരോ ചിത്രങ്ങൾ വരയ്ക്കുന്നു. വരച്ച ചിത്രങ്ങൽ save ചെയ്തിടാനും അവസരം നൽകുന്നു.

3. **PAINTING**

വരച്ച ചിത്രങ്ങൾക്ക് paint ചെയ്യുന്നതിനുള്ള Toolsകൾ കണ്ടെത്തിക്കുകയും Brush എടുത്ത് colour കൾ select ചെയ്യാനും ചിത്രത്തിനു വേണ്ടുന്ന painting കൊടുക്കാവാവും അവസരം ഉണ്ടാക്കുന്നു.

4 **Desktop ൽ Save ചെയ്ത് കാര്യങ്ങൾ എടുക്കൽ**

കുട്ടി താൻ വരച്ച ചിത്രങ്ങളും Desktop ൽ Save ചെയ്തിട്ടത് Save ആയോ എന്ന് നോക്കാൻ കുട്ടിയെ പ്രാപ്തനാക്കുന്നു

5. **TYPE ചെയ്യാൻ**

കുട്ടി പേരുകൾ നൽകുന്നതിനു വേണ്ടി ഓരോ അക്ഷരങ്ങൾ ടൈപ്പ് ചെയ്ത് എടുക്കുന്നു. അതിലൂടെ അക്ഷരങ്ങൾ മനസ്സിലാക്കുകയും ചെയ്യുന്നു.

# PROJECT-4

## ജൈവ വൈവിധ്യ ഉദ്യാന നിർമ്മിതി

### നിലവിലെ അവസ്ഥ

നിലവിൽ കുറച്ച് കുട്ടികൾ മാത്രമേ പ്രകൃതിയെ കുറിച്ച് അടുത്തറിയുന്നവരായിരുട്ടുള്ളത്. ഈ മാറിയ കാലഘട്ടത്തിൽ പ്രകൃതിയിൽ നടക്കുന്ന എല്ലാ സംഭവങ്ങളേയും കുറിച്ച് ഓരോ കുട്ടിയും അിറയേണ്ടതായിട്ടുണ്ട്. അതിനുവേണ്ടിയാണ് സ്കൂളുകളിൽ ഉദ്യാന നിർമ്മിതി ആരംഭിച്ചിരിക്കുന്നത്.

### ലക്ഷ്യങ്ങൾ

- ജൈവ വൈവിധ്യ ഉദ്യാനം സജ്ജമാക്കുക.
- ആവാസ വ്യവസ്ഥകൾ ഒരുക്കുക
- ജല സംരക്ഷണ സംവിധാനങ്ങൾ നിർമ്മിക്കുക
- മണ്ണും കുട്ടിമായുള്ള ബന്ധം
- കൃഷിത്തോട്ടം നിർമ്മിക്കാനുള്ള മനോഭാവം

### പ്രവർത്തനങ്ങൾ

1. **ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ**

ജൈവ വൈധ്യവുമായി ബന്ധപ്പെട്ട് ഒരു രജിസ്റ്റർ തയ്യാറാക്കുന്നു.

2. **ദൈവ വൈവിധ്യ ലിസ്റ്റിംഗ്**

ജൈവ വൈവിധ്യ ഉദ്യാനവുമായി ബന്ധപ്പെടുത്തി വിവിധ വിഷയങ്ങളിലും ക്ലാസുകളിലും നൽകാവുന്ന പഠന പ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യുന്നു.

3. **ജൈവ വൈവിധ്യ ഉദ്യാന നിർമ്മിതി**

സസ്യ വൈവിധ്യം പരിഗണിച്ച് പ്രാദേശികമായി ലഭ്യമാക്കുന്ന സസ്യങ്ങൾ നടുന്നു. ഔഷധത്തോട്ടങ്ങൾ നിർമ്മിക്കുന്നു, ശലഭോദ്യാന നിർമ്മിക്കുന്നു.

4. **ജല സംരക്ഷണ സംവിധാനം**

മഴ വെള്ള സംഭരണികളും, കുളങ്ങളും കുട്ടികൾ നിർമ്മിക്കുന്നു.

5. **<u>ആവാസവ്യവസ്ഥകൾ ഒരുക്കൽ</u>**

ആവാസവ്യവസ്ഥകൾ ഒരുക്കുന്നതിനു വേണ്ടി ചെറിയ കുളങ്ങൾ നിർമ്മിക്കുന്നു. അതിൽ മത്സ്യങ്ങളെ വളർത്തുന്നു.

6. **<u>പക്ഷികളെ ആകർഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കൽ</u>**

പക്ഷി ചെടികൾ വച്ച് പിടിപ്പിക്കുകയും പക്ഷികളെ ആകർഷിപ്പിക്കുകയും ചെയ്യുന്നു.

7. **<u>മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കൽ</u>**

വിദ്യാലയത്തിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ കുട്ടികൾ ആസൂത്രണം ചെയ്യുന്നു.

# അക്കാദമിക പ്ലാൻ - ഉപമേഖല - മലയാളം

| .No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | ഭാഷപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1 Pre-test(2.06.2017)<br>2 അക്ഷരം ഉറപ്പിക്കൽ<br>3 അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6.വാക്കുകൾ നിർമ്മിക്കൽ<br>7.വാക്യങ്ങൾ നിർമ്മിക്കൽ<br>8.ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥപറയൽ<br>10.ചിത്രം - കഥ എഴുതൽ<br>11.കഥ - ബാക്കി എഴുതൽ<br>12.കഥാപുസ്തകം<br>13.സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>14.ഭാഷാപരമായ പിന്നാക്കം നൽകുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 months<br>Aug-Sept | പുസ്തകങ്ങൾ<br>CD | BRC<br>DIET<br>SCERT<br>P.T.A<br>BRC<br>IED<br>Trainer<br>P.T.A |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 2. | കുട്ടികളെ മികച്ച വായനക്കാരനാക്കുക - (വായനക്കൂട്ടം) | 1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2 വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>3 സ്കൂൾ ലൈബ്രറി വനീകരിക്കൽ<br>4 സമീപ ഗ്രന്ഥശാല അംഗത്വം<br>5 വായനോത്സവം സംഘടിപ്പിക്കൽ<br>6 പത്രവായന<br>7 അമ്മ വായന<br>8 പുസ്തകചർച്ച<br>9 വായനാനുഭവം പങ്കുവയ്ക്കൽ<br>10 വായനക്കുറിപ്പ് പതിപ്പ്<br>11 വിദ്യാരംഗം കലാ-സാഹിത്യ വേദി പ്രവർത്തനം ക്ലാസ് സഭ<br>12 സ്കൂൾ സഭ,ബാലസഭ<br>13 ദിനാചരണങ്ങൾ<br>14 ആകാശവാണി ക്ലബ്ബ്<br>15 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>16 ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>17 ആസ്വാദകരമായ വായന<br>18 വായനാസാമഗ്രികൾ വികസിപ്പിക്കൽ<br>19 ഇ - വായന<br>20 പുസ്തകം ഒരുക്കൽ (യു.പി.വായന)<br>21 വായനക്കൂട്ടം മോണിറ്ററിംഗ്<br>22 കാവ്യക്കൂട്ടം | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ<br>ഗ്രന്ഥശാല<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>വായനാമുറി<br>ഇന്റർനെറ്റ്<br>കമ്പ്യൂട്ടർ | BRC<br>DIET<br>SCERT<br>ഗ്രന്ഥശാല<br>P.T.A<br>BRC |

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 3 | കുട്ടികളെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുക്കൂട്ടം) | 1.എഴുത്തുകൂട്ട രൂപീകരണം<br>2. പുസ്തചർച്ച<br>3.ക്ലാസ് ലൈബ്രറി<br>4.വായനക്കുറിപ്പ് പതിപ്പ്<br>5.സഞ്ചരിക്കുന്ന ആസ്വാദനക്കുറിപ്പ് പുസ്തകം<br>6.വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>7.ഇൻലന്റ് മാഗസിൻ, ചുമർ ചിത്രം പത്രിക, പതിപ്പ് തയ്യാറാക്കൽ<br>8.സർഗ്ഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>9.എഴുത്തുക്കൂട്ടം മോണിറ്ററിംഗ്<br>10.വായനാക്കുറിപ്പ് ആസ്വാദനക്കുറിപ്പ്<br>11.ബാലസഭ<br>12.പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>13.വ്യക്തിഗത രചന സംഘരചന<br>14.ഭാഷ പ്രോജക്ട്<br>15.സാഹിത്യകാരന്മാരുമായുള്ള സംവാദം, അഭിമുഖം<br>16.രചയിതാക്കളെ പരിചയപ്പെടൽ<br>17.സാഹിത്യസാംസ്കാരിക ചിത്രഗ്യാലറി | 6 മാസം<br>ആഡിറ്റോറിയം | ലൈബ്രറി<br>ജീവചരിത്ര പുസ്തകങ്ങൾ<br>ഗ്രന്ഥശാല<br>ഫോട്ടോകൾ<br>പുസ്തകങ്ങൾ | BRC<br>DIET<br>BRC<br>ജനപ്രതിനിധി<br>P.T.A<br>Teacher |

# പ്രതീക്ഷിച്ച നേട്ടങ്ങൾ

- അപ്പർ പ്രൈമറി ക്ലാസിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും പഠിയ്ക്കൽ
- ഇംഗ്ലീഷിൽ ആശയവിനിമയം സങ്കോചം കൂടാതെ നടത്തൽ
- ഗണിതക്രിയകൾ (ചതുഷ്ക്രിയകൾ) ഉറപ്പാക്കൽ
- ഓരോ കുട്ടിയും ഒരു ശാസ്ത്രജ്ഞനായി മാറൽ
- സമൂഹത്തിലെ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടങ്ങശന്റ
- വ്യായാമം, യോഗ ഇവ പരിശീലിച്ച ആരോഗ്യകായിക ക്ഷമത ഉണ്ടാക്കൽ
- വിവരസാങ്കേതിക വിദ്യയിൽ അവഗാഹം നേടൽ
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ മുഖ്യധാരയിൽ എത്തൽ

# മോണിട്ടറിംഗ് രീതി

വാർഡ് മെമ്പർ കൺവീനറായ ഒരു ഗ്രൂപ്പാണ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇതിന് സ്കൂളിലെ മുഴുവൻ ജീവനക്കാരും പി.റ്റി.എയും, എസ്.എസ്.ജി.യും പൂർവ്വ വിദ്യാർത്ഥികളും പ്രവർത്തിക്കുന്നു. പഞ്ചായത്ത്, ബി.ആർ.സി, എ.ഇ.ഒ എന്നിവരും ഇതിൽ പങ്കാളികളാണ്.